بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 11/07/14

(13 RAMADAN 1435 Hijri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിന് ശേഷം തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാത്തിഹാ ഇവ ഓതിയ ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) ഇപ്രകാരം പറഞ്ഞു. ''**അല്ലയോ സത്യവിശ്വാസികളെ നിങ്ങൾക്ക് മുമ്പുളളവർക്ക് നിർബന്ധമാക്കപ്പെട്ടതുപോലെ, വ്രതാനുഷ്ഠാനം നിങ്ങൾക്കും നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ സൂക്ഷമത പാലിക്കുന്നവരാകുന്നതിനുവേണ്ടി. (2:184)** വിശുദ്ധഖുർ ആനിൽ ഉപയോഗിച്ചിരിക്കുന്ന ' സിയാം ' എന്നവാക്കിന് സൗമ് എന്നും പറയാവുന്നതാണ്. ഈ വാക്കിന്റെ അർത്ഥം എന്തിൽ നിന്നെങ്കിലും പിന്മാറി നില്ക്കുക' എന്നാകുന്നു. എന്തിൽ നിന്നെങ്കിലും പിന്മാറി നില്ക്കുക എന്നു പറഞ്ഞാൽ അന്നപാനീയങ്ങളിൽ നിന്നും പിന്മാറി നില്ക്കുക എന്നു മാത്രമല്ല. ഈ വാക്കിന് വിപുലമായ അർത്ഥങ്ങളുണ്ട് അതായത് അർത്ഥമില്ലാത്ത സംസാരങ്ങളിൽ നിന്നും പിന്മാറി നില്ക്കുക. മറിച്ച് ഖുർആൻ പാരായണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക; അതോടൊപ്പം ഇതിന്റെ പരിഭാഷകളിൽ ശ്രദ്ധ ചെലുത്തുക; അല്ലാഹുവിനെ കൂടുതലായി സ്മരിക്കുന്നതിൽ ശ്രദ്ധിക്കുക, ദുആകൾ കൂടുതലായി ചെയ്യുക. വ്രതാനുഷ്ഠാന പകൽ സമയങ്ങളിൽ, നിങ്ങൾ സ്വന്തം ഇഷ്ടപ്രകാരം കൂടുതലായി പ്രാർത്ഥനകളിലേർപ്പെടുകയും, ഉറക്കത്തെ വർജ്ജിക്കുകയും ചെയ്യുക. ഈ പകൽ വേളകളിൽ നിങ്ങളുടെ ഭാര്യമാരുമായുള്ള ലൈംഗിക ബന്ധത്തെ വർജ്ജിക്കുക. അതോടൊപ്പം നിങ്ങളുടെ നഫ്സിന്റെയും നാവിന്റെയും ഇച്ഛകളെ നിയന്ത്രിക്കുക. നിങ്ങളുടെ നല്ല പ്രവർത്തനങ്ങളെ ഇരട്ടിയാക്കുക, പാവങ്ങളെ സഹായിക്കുക, ഔദാര്യപൂർവ്വം കൂടുതൽ ചെലവഴിക്കുക.

മുകളിൽ ഉദ്ധരിച്ച ഖുർ ആനികവചനത്തെപ്പറ്റി നാം ഗാഢമായി ചിന്തിക്കുമ്പോൾ, ഒരു കാര്യം നമുക്ക് മനസ്സിലാകും, അതായത് റമദാൻ മാസത്തിൽ നാം ചെയ്യുന്ന എല്ലാ നല്ല പ്രവർത്തനങ്ങളും ആരാധന തന്നെയാണ് എന്ന്. അല്ലാഹു (ത) യുടെ തൃപ്തി മാത്രം ലക്ഷ്യമാക്കി നിഷ്ക്കളങ്ക ഹൃദയത്തോടെ ചെയ്യുന്ന പ്രവർത്തികളാണവ, കഴിഞ്ഞ 11 മാസങ്ങളിൽ അവന് അനുവദനീയമായ കാര്യങ്ങളെല്ലാം പ്രഭാതം മുതൽ പ്രദോഷം വരെ ഉപേക്ഷിച്ച് അല്ലാഹുവിന്റെ തൃപ്തിമാത്രം ലാക്കാക്കി അവൻ പ്രവർത്തിക്കുന്നു. സൂറ അൽ ബക്കറയിലെ ഈ വചനങ്ങളിലൂടെ അല്ലാഹു (ത) നമ്മെ അറിയിക്കുകയാണ് ഈ പരിശുദ്ധ മാസത്തിലാണ് ഖുർ ആൻ അവതരിപ്പിച്ചത് എന്ന്, അത് ഏതെങ്കിലും ഒരു ജനതയ്ക്കോ രാജ്യത്തിനോ മാത്രം വേണ്ടിയല്ല, മറിച്ച് സമസ്ത മനുഷ്യർക്കും മാർഗ്ഗദർശനമായിട്ടുള്ളതാകുന്നു. അങ്ങനെ ഇസ്‌ലാം ഒരു സാർവ്വദേശീയ മതവും പ്രവാചകൻ മുഹമ്മദ് (സ) ഒരു സാർവ്വദേശീയ പ്രവാചകനുമാണ്. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമ്പോൾ, വിശിഷ്യാ സൂറ: അൽബക്കറ പാരായണം ചെയ്യുമ്പോൾ, നിങ്ങൾക്ക് മനസ്സിലാകും, അല്ലാഹു (ത) തന്റെ സൃഷ്ടികളെ എത്ര മാത്രം സ്നേഹിക്കുന്നു എന്നും, അവർക്ക് മാർഗ്ഗദർശനം നല്കുന്നതിന് അവൻ എന്തെല്ലാം പദ്ധതികളാണ് സ്വരുക്കൂട്ടിയിരിക്കുന്നത് എന്നും. പ്രത്യേകിച്ച് വിശ്വാസികൾ വ്രതാനുഷ്ഠാനത്തിലായിരിക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങൾ എന്തെല്ലാമാണെന്നും അവൻ വിവരിച്ചു നല്കുന്നു. ഈ ദൈവീക കല്പനകൾ ഒരു വിശ്വാസി പിന്തുടരുകയും, വ്രതാനുഷ്ഠാനത്തിന്റെ പ്രാധാന്യം മനസ്സിലാക്കുകയും ചെയ്തിട്ട്, അത് പ്രവർത്തി പഥത്തിൽ കൊണ്ടു വരുമ്പോൾ അവന് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭ്യമാകുന്നത്.

ഹസ്രത് അബൂഹുറൈറ (റ) റിപ്പോർട്ട് ചെയ്തിരുന്നത്, നബീകരിം (സ) പറഞ്ഞിരിക്കുന്നു. ബുഖാരി ശരീഫിൽ രേഖപ്പെടുത്തിയിരിക്കുന്നു. ''വ്രതാനുഷ്ഠാനം ഒരു പരിചയമാണ്.''പരിച എന്നത് ഒരാൾക്ക് എന്തെങ്കിലും ഉപദ്രവം ഏല്ക്കുന്നതിൽ നിന്നുള്ള സംരക്ഷണം നല്കുന്നതാണ്. ആയതിനാൽ വ്രതാനുഷ്ഠാനം ഒരു വിശ്വാസിക്ക് എന്തെങ്കിലും മ്ളേച്ഛമായതിൽ നിന്നും തെറ്റായ പ്രവർത്തികൾ ചെയ്യുന്നതിൽ നിന്നും അവനെ തടയുന്ന പരിചയാണ്. വ്രതാനുഷ്ഠാനത്തിലൂടെ അവന് പരിശീലനം ലഭിക്കുന്നു. ഒരു മാസത്തെ തീവ്രപരിശീലനത്തിലൂടെ അടുത്ത 11 മാസക്കാലം തെറ്റും കുറ്റങ്ങളൊന്നും ചെയ്യാതാരിക്കുവാനുള്ള പരിശീലനം ചുരുക്കത്തിൽ വ്രതാനുഷ്ഠാനം അവന് ഒരു വർഷക്കാലം സംരക്ഷണം ഉറപ്പു നല്കുകയാണ്. അതുപോലെ സമൂഹത്തിലെ പാപങ്ങളുടെ പ്രയാസങ്ങളും കഷ്ടപ്പാടുകളും സ്വയം അനുഭവിച്ചറിയുവാനുള്ള അവസരം നല്കുന്നു. ഭക്ഷണ പാനീയങ്ങളുടെ വിലയും നിലയും അനുഭവിച്ചറിയുവാനുള്ള അവസരം. നിങ്ങൾ ഇതനുഭവിച്ചറിയുമ്പോൾ, നിങ്ങൾക്ക് അല്ലാഹു പ്രദാനം ചെയ്ത ധനം, കഷ്ടപ്പെടുന്നവർക്കായി പങ്കുവെയ്ക്കുവാൻ മനസ്സു വരുന്നു. അങ്ങനെ അവരെ കഷ്ടതയിൽ നിന്നും പുറത്തു കൊണ്ടു വരുവാൻ നിങ്ങൾക്ക് കഴിയുന്നു. അതു പോലെ ഈ പ്രവർത്തികൾ നിങ്ങൾ ചെയ്യുമ്പോൾ അല്ലാഹു (ത) നിങ്ങളോട് തൃപ്തനാകുന്നു. നിങ്ങളുടെ പ്രതിഫലം ഇരട്ടിയായി നല്കുന്നു; അതിനേക്കാളുമാകാം.

ഹസ്രത് ഉമർ (റ) റിപ്പോർട്ട് ചെയ്യുന്നു. നബികരീം (സ) പറഞ്ഞു. **''നിയ്യത്ത് അനുസരിച്ചാണ് പ്രവർത്തനങ്ങളുടെ പ്രതിഫലം ഓരോ വ്യക്തിക്കും അവന്റെ എന്റെ നിയ്യത്ത് അനുസരിച്ച് പ്രതിഫലം ലഭിക്കുന്നതാണ്. ''(ബുഖാരി, മുസ്‌ലീം)**

വ്രതാനുഷ്ഠാനത്തിന് ഒരാൾ എങ്ങനെയാണ് നിയ്യത്ത് എടുക്കേണ്ടത് ? പ്രഭാത സമയത്തിന് മുമ്പ്, അവൻ വ്രതാനുഷ്ഠാനം ആരംഭിക്കുന്നതിനു മുമ്പുള്ള ഭക്ഷണത്തിനായി ഉണരുമ്പോൾ, നിയ്യത്ത് എടുക്കാവുന്നതാണ്; അഥവാ രാത്രിയിൽ ഉറങ്ങാൻ പോകുന്നതിന് മുമ്പായി, അടുത്ത ദിവസത്തെ നോമ്പ് പിടിക്കുന്നതാണ് എന്ന നിയ്യത്തിൽ പ്രവേശിക്കാവുന്നതാണ്. അപ്പോൾ അവന് തന്റെ ഹൃദയത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ കരുതാവുന്നതാണ്. റമദാൻ മാസത്തിലെ നാളത്തെ നോമ്പിനെ ഞാൻ കരുതിയിരിക്കുന്നു. ഇത് രാത്രിയിലോ, പ്രഭാതത്തിനുമുമ്പുള്ള ഭക്ഷണ സമയത്തോ കരുതാവുന്നതാണ്. വിശുദ്ധഖുർ ആൻ വചനങ്ങളിലൂടെ അല്ലാഹു (ത) യും പ്രവാചക വചനങ്ങളിലൂടെ മുഹമ്മദ് (സ) യും റമദാൻ മാസത്തെ എങ്ങനെയാണ് ആചരിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

അബൂഹുറൈ (റ) റിപ്പോർട്ട് ചെയ്ത ഒരു പ്രവാചക വചനത്തിൽ റസൂൽ (സ) പറഞ്ഞിരിക്കുന്നു. **കള്ളവും, തദനുസരണമുള്ള പ്രവർത്തനങ്ങളും ഒരുവൻ ഒഴിവാക്കുന്നില്ലാ എങ്കിൽ, അവൻ അന്നപാനീയങ്ങളിൽ നിന്ന് മാറി നില്ക്കേണ്ട ഒരാവശ്യവും അല്ലാഹുവിന്നില്ല.**

വ്രതാനുഷ്ഠാനത്തിലായിരിക്കുമ്പോൾ ചിലർ, ചില പ്രവർത്തനങ്ങൾ ചെയ്തു പോകാറുണ്ട്. അനുവദനീയ പരിധി അവർ ലംഘിച്ചു പോന്നു. ലൈംഗിക ബന്ധത്തിലും ഏർപ്പെട്ടു പോകുന്നു. അത്തരത്തിലുള്ളവർ അതിലൂടെ നഷ്ടമാകുന്ന വ്രതാനുഷ്ഠാനം പിന്നീട് പിടിച്ചു വീട്ടേണ്ടതാണ്. അതോടൊപ്പം പാപപരിഹാരവും നടത്തേണ്ടതാണ്. ഒരടിമയെ മോചിപ്പിക്കുക; അതിന്നവനു കഴിയുന്നില്ലെങ്കിൽ 60 ദിവസം തുടർച്ചയായി നോമ്പനുഷ്ഠിക്കുക; അതിനും കഴിയുന്നില്ലെങ്കിൽ 60 പാവപ്പെട്ടവർക്ക് അവന്റെ കുടുംബത്തിലുള്ളവർക്ക് ഭക്ഷണം നല്കുന്നതു പോലെ ഭക്ഷണം നല്കുക.

ഈ ഉപദേശം പലതവണ നല്കിയിട്ടുള്ളതാണ്; ഞാനിത് വീണ്ടും ആവർത്തിക്കുകയാണ്. അനുഗ്രഹീതമായ ഈ മാസത്തിലെ അനുഗൃഹങ്ങളെ പരമാവധി സ്വായത്തമാക്കുക. അല്ലാഹു (ത) നിങ്ങളുടെ പരിധികളെ ഉയർത്തട്ടെ ! ഈ വർഷം അല്ലാഹു (ത) നിങ്ങൾക്ക് വീണ്ടും ഒരു ഭാഗ്യം പ്രദാനം ചെയ്തിരിക്കുകയാണ്. ഈ സൗഭാഗ്യത്തെ പ്രയോജനപ്പെടുത്തുക. അടുത്ത റമദാനിൽ നിങ്ങൾ ജീവിച്ചിരിക്കുമെന്നു നിങ്ങൾക്കൊരിക്കലും അറിയില്ല. നാം അല്ലാഹുവിനെ അധികമധികമായി സ്മരിക്കുക! അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ടിരിക്കുക. അവന്റെ മാപ്പിനായി അർത്ഥിച്ചു കൊണ്ടിരിക്കുക.

വിശ്വാസികൾക്കൊരു സുവർണ്ണാവസരം ! അല്ലാഹുവിനെ ഓർക്കാനും അവനോട് പ്രാർത്ഥിക്കാനും ! പ്രാർത്ഥനകൾക്ക് ഉത്തരം നല്കുന്ന നിശ്ചിത സമയങ്ങൾ ധാരാളമുള്ള മാസം. നോമ്പുതുറക്കുന്നതിനു മുമ്പുള്ള സമയം, ഒരുവൻ അല്ലാഹുവിനോട് ദുആ ചെയ്യുകയും പാപ മോചനത്തിനായി അർത്ഥിക്കുകയും ചെയ്യേണ്ടതാണ്. നോമ്പുകാരുടെ പ്രാർത്ഥന ഈ സമയങ്ങളിൽ തിരസ്ക്കരിക്കപ്പെടുന്നതല്ല. ബുഖാരിശരീഫിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രവാചക വചനത്തെക്കുറിച്ച് ഗാഢമായി ചിന്തിക്കുക. നബികരീം (സ) പറഞ്ഞു. നമ്മുടെ രക്ഷിതാവ്, അനുഗൃഹീതനായവൻ പരമോന്നതനായവൻ, നമ്മുടെ സമീപആകാശത്തേക്ക് എല്ലാ രാത്രിയിലും അവസാനയാമങ്ങളിൽ ഇറങ്ങി വരുന്നു എന്നിട്ട് പറയുന്നു. എന്നോട് പ്രാർത്ഥിക്കുന്നവരാരെങ്കിലുമുണ്ടോ ? അവരുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നല്കുന്നതാണ്. എന്നോട് ആരെങ്കിലും ചോദിക്കുന്നുണ്ടോ ? അവന്റെ അഭ്യർത്ഥന നാം സ്വീകരിക്കുന്നതാണ്. എന്റെ മാപ്പ് തേടുന്നവരാരെങ്കിലുമുണ്ടോ? ഞാനവന് പൊറുത്തുകൊടുക്കുന്നതാണ്. (ബുഖാരി)

ആയതിനാൽ, പ്രസംഗം അവസാനിപ്പിക്കുന്നതിന് മുമ്പ്, നമുക്കെല്ലാ പേർക്കും ചേർന്ന് ഈ അനുഗൃഹീത മാസത്തിൽ പാപമോചനത്തിനായി അല്ലാഹുവിനോട് അർത്ഥിക്കാം. കാരണം അവൻ എല്ലാം പൊറുത്തു തരുന്നവനാണ്. കരുണാവാരിധിയുമാണ്. ഏറ്റവും നല്ല വിഭവങ്ങൾ നല്കുന്നവനും അവൻ തന്നെയാണ്. അല്ലാഹുവിന്റെ പാതയിൽ മുന്നേറാം. നന്മയാൽ നിറഞ്ഞവനായ അല്ലാഹുവിനെ തൃപ്തിപ്പെടുന്നവർക്ക് അവൻ എല്ലാമാണ് ! നമുക്ക് അവനിലേക്ക് തിരിയാം ; എല്ലാവിധ ആത്മാർത്ഥതയോടും ! ഇൻശാ അല്ലാഹ് ! ആമീൻ.

**Translated & Issued By**

**R. Jamaludin Raother**

**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone

*Ph: 9447001832 / 0475 2220223*

*email : jamal.raother@gmail.com*

*www.jamaat-Ul-Sahih-Al-Islam.com*

*****************